**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5115** **20-03-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ ഏതെല്ലാം സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തികളാണ് നിലവിൽ നടക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിൽ കൊല്ലങ്കോട് 1, നെല്ലിയാമ്പതി എന്നീ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തികളാണ് നിലവിൽ നടന്നു വരുന്നത്. |
| (ബി) | ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാത്ത എത്ര വില്ലേജ് ഓഫീസുകളാണ് മണ്ഡലത്തിൽ ഉള്ളതെന്ന് വിശദമാക്കുമോ; | (ബി) | എലവഞ്ചേരി വില്ലേജ് ഓഫീസിന്റെ നിർമ്മാണമാണ് നിലവിൽ നിർമ്മാണോദ്ഘാടനം കഴിഞ്ഞിട്ടും ആരംഭിക്കാൻ സാധിക്കാത്തത്. ടി വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ടെണ്ടർ നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതും ആയത് പൊളിച്ചുമാറ്റുന്ന ഉടൻ തന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതുമാണ്. |
| (സി) | ഇതിൽ ഓരോ വില്ലേജ് ഓഫീസിന്റെയും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | എലവഞ്ചേരി വില്ലേജ് ഓഫീസിന്റെ നിർമ്മാണം ആരംഭിച്ച് 8 മാസത്തിനുള്ളിലും കൊല്ലങ്കോട്-1 വില്ലേജ് ഓഫീസ് നിർമ്മാണം 31.03.2025 തീയതിക്കുള്ളിലും, നെല്ലിയാമ്പതി വില്ലേജ് ഓഫീസ് നിർമ്മാണം 31.05.2025 തീയതിക്കുള്ളിലും ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ